# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4767 — 27/6/2014 ൽ മറുപടിയ്ക്ക്

## കുട്ടനാട് പാക്കേജ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ജി. സുധാകരൻ<br>,, സി.കെ. സദാശിവൻ<br>,, ആർ. രാജേഷ്<br>,, കെ. സുരേഷ് കുറുപ്പ് | | **ശ്രീ. കെ.പി. മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) | കുട്ടനാടിന്റെ കാർഷികാഭിവൃദ്ധിക്ക് കുട്ട നാട് പാക്കേജിന്റെ നടത്തിപ്പ് സഹായിച്ചിട്ടുണ്ടോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | പാക്കേജിന്റെ നടത്തിപ്പ് മൂലം കുട്ടനാടിന്റെ കാർഷിക മേഖലയിൽ എന്തെല്ലാം ഗുണപരമായ മുന്നേറ്റങ്ങ ളാണ് ഉണ്ടായിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ബി) | കുട്ടനാടിന്റെ കാർഷിക മേഖലയിൽ ഉണ്ടായ ഗുണപരമായ മുന്നേറ്റങ്ങൾ താഴെപ്പറയുന്നവയാണ്.<br>• പുറംബണ്ടുകളുടെ നിർമ്മാണം/ ബലപ്പെടുത്തൽ വഴി നെൽകൃഷിക്ക് അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി വരുന്നു.<br>• കാർഷിക യന്ത്രവൽക്കരണം നടപ്പിലാക്കി<br>• തരിശ് നില കൃഷിക്ക് പ്രോത്സാഹനം നൽകി.<br>• ഓണാട്ടുകരയിലെ ഒന്നാം നെൽകൃഷി, എള്ള് കൃഷി എന്നിവയ്ക്ക് പ്രോത്സാഹനം നൽകി.<br>• ഗുണമേന്മയുള്ള വിത്തുകൾ വിതരണം ചെയ്തു.<br>• കുട്ടനാട്ടിലെ കർഷകർക്ക് മണ്ണ് പരിശോധനാധിഷ്ഠിതമായ സോയിൽ ഹെൽത്ത് കാർഡുകൾ വിതരണം ചെയ്തു.<br>• കീടബാധ മുൻകൂട്ടി കണ്ട് മുൻകരുതലുകൾ നൽകി.<br>• കുട്ടനാട്ടിൽ നെല്ല് സംഭരണശാലകൾ സ്ഥാപിച്ചു.<br>• കാർഷിക ജോലികളിൽ യുവാക്കൾക്ക് പരിശീലനം നൽകി.<br>• പഠനമേഖലയിൽ അഗ്രിക്ലിനിക്കുകൾ സ്ഥാപിച്ചു.<br>• പുറക്കാട് കരിയിൽ ഉല്പാദനബോണസ് നൽകി.<br>• ഉല്പാദനക്ഷമത കുറഞ്ഞതും രോഗബാധയുള്ളതുമായ തെങ്ങ് വെട്ടിമാറ്റി പുതിയവ വച്ചു പിടിപ്പിച്ചു.<br>• കേരള കാർഷിക യൂണിവേഴ്സിറ്റി മുഖേന പ്രാദേശിക പ്രാധാന്യമുള്ള ഗവേഷണം, പരിശീലനം, കാര്യശേഷി വർദ്ധിപ്പിക്കൽ എന്നിവ നടപ്പിലാക്കി.<br>• സമഗ്ര കന്നുകാലി വികസനം നടപ്പിലാക്കി.<br>• നെല്ല് - മത്സ്യകൃഷി സംയോജനം നടപ്പിലാക്കി.<br>• ആറ്റു കൊഞ്ചിന്റെയും കരിമീനിന്റേയും ഉല്പാദനം വർദ്ധിപ്പിച്ചു.<br>• മത്സ്യ തൊഴിലാളികൾക്കായുള്ള ശീതീകരണ സംഭരണ സംവിധാനം നടപ്പിലാക്കി.<br>• മണ്ണ് ജല സംരക്ഷണ പദ്ധതി നടപ്പിലാക്കി. |

സെക്ഷൻ ഓഫീസർ